"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് - 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മൂന്നാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.234/2023/SJD    തീയതി,തിരുവനന്തപുരം, 28-11-2023

---

പരാമർശം:-

1. 19.04.2023-ലെ സ.ഉ (സാധാ) നമ്പർ. 74/2023/സാ.നീ.വ സർക്കാർ ഉത്തരവ്.
2. 03.08.2023-ലെ സ.ഉ (സാധാ) നമ്പർ. 167/2023/സാ.നീ.വ സർക്കാർ ഉത്തരവ്.
3. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.11.2023-ലെ 502/2022/നിഷ്/ഫിൻ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-101-85-പ്ലാൻ എന്ന ശീർഷകത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനത്തിനായി 18,93,00,000/- രൂപ (പതിനെട്ടു കോടി തൊണ്ണൂറ്റിമൂന്നു ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. തുടർന്ന് പരാമർശം 1-ും,(ഒന്നും) 2-ും(രണ്ടും) സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത ശീർഷകത്തിൽ നിന്ന് ടി സ്ഥാപനത്തിനുള്ള 2023-2024 സാമ്പത്തിക വർഷത്തെ പദ്ധതി ധനസഹായം രണ്ട് ഗഡുകളായി ആകെ 7,10,00,000/- രൂപ (ഏഴ് കോടി പത്തു ലക്ഷം രൂപ മാത്രം, 3,70,00,000/- + 3,40,00,000/- എന്നീ ക്രമത്തിൽ) അനുവദിക്കുകയുണ്ടായി.

2. 2023-2024 സാമ്പത്തിക വർഷത്തെ പ്രസ്തുത ശീർഷകത്തിൽ നിന്ന് ടി സ്ഥാപനത്തിനുള്ള ഈ സാമ്പത്തിക വർഷത്തെ മൂന്നാം ഗഡു പദ്ധതി ധനസഹായമായി 10,00,00,000/- രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടി സ്ഥാപന എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3-(മൂന്നു) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2235-02-101-85-പ്ലാൻ എന്ന ശീർഷകത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിന്റെ പദ്ധതി പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മൂന്നാം

ഗഡുവായി 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം) ടി സ്ഥാപനത്തിന്റെ അടിയന്തര പ്രവർത്തനങ്ങൾക്കും ജീവനക്കാർക്കുള്ള ശമ്പളവും അലവൻസുകളും നൽകുന്നതിനുമായി (ശമ്പള / ശമ്പളേതര ചെലവുകൾക്കായി) ടി സ്ഥാപന എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്), ആക്കുളം, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ & ഇ), തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (24.11.2023-ലെ ഡബ്ല്യു, ഡബ്ല്യു 2/97/2023/ധന കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 28-11-2023 15:48:02
സെക്ഷൻ ഓഫീസർ